മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന ഡോക്ടർമാരുടെ വിവിധ തസ്തികയിലുള്ള ശമ്പള നിരക്ക് അനുബന്ധമായി ചേർക്കുന്നു. *

(ബി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചകർമ്മ ആശുപത്രികൾ

73 (4950) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയൊക്കെയാണ് പഞ്ചകർമ്മ ആശുപത്രികൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നത് ; മലബാർ മേഖലയിൽ എവിടെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പരിയാരം ആയുർവേദ കോളേജിൽ പഞ്ചകർമ്മ ആശുപത്രി അനുവദിക്കുന്നതിന് നടപടി ആരംഭിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തും (പൂജപ്പുരയിൽ) ആലപ്പുഴയിലുമാണ് സർക്കാർ മേഖലയിൽ പഞ്ചകർമ്മ ആശുപത്രികൾ പ്രവർത്തിക്കുന്നത്. മലബാർ മേഖലയിൽ പഞ്ചകർമ്മ ആശുപത്രികൾ പ്രവർത്തിക്കുന്നില്ല.

(ബി) പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ പഞ്ചകർമ്മ ആശുപത്രി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

യുനാനി ഡിസ്പെൻസറി

74 (4951) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ താലൂക്ക് ആസ്ഥാനങ്ങളിൽ ഗവൺമെന്റ് യൂനാനി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

താലൂക്ക് ആസ്ഥാനങ്ങളിൽ ഗവൺമെന്റ് യുനാനി ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹോമിയോ ചികിത്സാ പ്രോത്സാഹനത്തിനായി പദ്ധതികൾ

75 (4953) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly